ലൻസ് സെല്ലുകൾ രൂപീകരിച്ചു. അങ്ങനെ ഡൽഹിയിൽ നിന്നുള്ള സി.ബി. ഐ. ഉദ്യോഗസ്ഥന്മാർ പരിശീലനം നേടി, അങ്ങനെ കൊടുത്തുകൊണ്ടു വരികയാണ്. അങ്ങനെ പോലീസ് ഡിപ്പാർട്ടുമെന്റിൽ അഴിമതിരഹിതമായി. ഉന്നത സ്ഥാനത്ത് എല്ലായിടത്തും എന്ന് ഞാൻ പറയുന്നില്ല - നിയമസമാധാനം കൊണ്ടുവരണം. വർഗ്ഗീയ ലഹള ഇല്ലാത്ത, സ്ത്രീകൾക്കെതിരായി അക്രമം നടക്കാത്ത അടിയും കൊള്ളയും അക്രമവും പിടിച്ചുപറിയും ഇല്ലാത്ത ഒരു വ്യവസ്ഥ വളർത്തിക്കൊണ്ടുവരണം. ഇപ്പോൾ നമ്മൾ അതിന്റെ ട്രയിനിംഗിലാണ്. അതിന്റെ ഉന്നതമായ തലത്തിൽ നിന്നാണ് അതിന്റെ തുടക്കം. ചിലതൊന്നും നടന്നില്ല എന്ന് ഞാൻ പറയുന്നില്ല. 40,000-ത്തോളം പോലീസുകാരുള്ളതാണ്. അവരെ നന്നാക്കി എടുക്കത്തക്കവിധത്തിൽ നിങ്ങളുടെയടക്കം സഹായ സഹകരണങ്ങളോടുകൂടി ഇത് നടപ്പിൽ വരുത്താൻ കഴിയും എന്ന ഒരു വിശ്വാസത്തിൽ നിങ്ങൾ ഇതിന് പിൻതുണ നൽകണം എന്ന് അഭ്യർത്ഥിക്കുന്നു. അവസാനിപ്പിക്കുന്നു.

VII. വ്യക്തിപരമായ വിശദീകരണം

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ഞാൻ പ്രസംഗിച്ചപ്പോൾ എന്റെ പ്രസംഗമദ്ധ്യേ ചില ഹിന്ദു ദൈവങ്ങളെപ്പറ്റി നടത്തിയ പരാമർശങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അടക്കമുള്ള സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ശിവദാസമേനോനും ഇപ്പോൾ ഒടുവിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ സഭയിലും നിരവധി ബഹുമാനപ്പെട്ട എം.എൽ.എ. മാരായ സുഹൃത്തുക്കളും മറ്റും നേരിട്ടും അങ്ങനെ പ്രയോഗിക്കേണ്ടതില്ലായിരുന്നു എന്ന് പറയുകയുണ്ടായി. ചെയറിൽ അപ്പോൾ ഉണ്ടായിരുന്ന ബഹുമാനപ്പെട്ട ശ്രീ. സി.പി. ബാലൻ വൈദ്യരും, പിന്നീട് ബഹുമാനപ്പെട്ട സ്പീക്കറും ആ കാര്യത്തിൽ എടുത്ത നടപടികളോട് ഞാൻ യോജിച്ചു കഴിഞ്ഞു. മറ്റു മതങ്ങളെപ്പോലെ മഹത്തായ ഹിന്ദുമതത്തിന്റെ എല്ലാ മഹത്തായിട്ടുള്ള സംഭാവനകളെപ്പറ്റിയും എപ്പോഴും അംഗീകരിച്ച് പ്രസംഗിക്കുന്ന, നാളിതുവരെ ദൈവവിശ്വാസികൾക്ക് വിഷമം ഉണ്ടാക്കുന്ന യാതൊരു പരാമർശങ്ങളും എന്നിൽ നിന്നും ഉണ്ടാകാതിരിക്കുന്ന ഒരു സാഹചര്യത്തിൽ അത് തെറ്റിദ്ധാരണാ ജനകമായി വന്നതിൽ ഖേദിക്കുന്നു. അതിൽ മറ്റ് യാതൊരു ദുരുദ്ദേശങ്ങളും ഉദ്ദേശിച്ചിരുന്നില്ല എന്ന കാര്യം സഭയെ അറിയിക്കുന്നു.

പോലീസ് എന്ന XII -ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

<u>മി. സ്പീക്കർ</u> : പോലീസ് എന്ന XII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രമേയം സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 68

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ

LIBRARY ARCHIVES Kerala Legislative Assembly